**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 486** **25-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യിൽ വൺ ടൈം സെറ്റിൽമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ. കുടിശികകൾക്ക് വൺ ടൈം സെറ്റിൽമെന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 01.01.2025 മുതൽ 31.03.2025 വരെ 'ആശ്വാസ്-2025' എന്ന പേരിൽ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. |
| (ബി) | കെ.എസ്.എഫ്.ഇ. ചിട്ടികളും ലോണുകളും ജനങ്ങൾക്ക് കൂടുതൽ ലളിതമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കെ.എസ്.എഫ്.ഇ ചിട്ടികളും ലോണുകളും എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും ലഭ്യമാകത്തക്ക ഉപാധികളോടെയാണ് ആവിഷ്കരിച്ചിട്ടുള്ളത്. തങ്ങളുടെ വരുമാനം അനുസരിച്ച് ചേരാൻ തക്കവണ്ണം വ്യത്യസ്ത മാസത്തവണ സംഖ്യകളും വ്യത്യസ്ത കാലാവധികളും ഉള്ള ചിട്ടികളുടെ വലിയ ശ്രേണി തന്നെ കെ.എസ്.എഫ്.ഇ അവതരിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ സ്വർണ്ണവായ്പ, ചിട്ടി ലോൺ, വ്യക്തിഗത വായ്പ, ഭവന വായ്പ തുടങ്ങി ബാങ്കുകൾ പ്രദാനം ചെയ്യുന്ന മിക്കവാറും എല്ലാ വായ്പകളും ലളിതമായ നടപടിക്രമങ്ങളോടു കൂടി മിതമായ പലിശ നിരക്കിലും കെ.എസ്.എഫ്.ഇ യിൽ ലഭ്യമാണ്. കൃത്യമായി തവണ സംഖ്യകൾ അടയ്ക്കുന്ന വരിക്കാർക്ക് ജാമ്യവ്യവസ്ഥകളിൽ ഇളവുകൾ നൽകാറുണ്ട്. ഇപ്പോൾ ചിട്ടികളിലേയ്ക്കും ലോണുകളിലേയ്ക്കും ഓൺലൈൻ ആയി പണമടയ്ക്കുവാൻ മൊബൈൽ ആപ്പ് നിലവിലുണ്ട്.<br><br>വനിതാദിനത്തോടനുബന്ധിച്ച് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാറുള്ളതും ഈ വർഷത്തെ പദ്ധതികളായ 6% പലിശ നിരക്കിൽ ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനുള്ള മഹിള പ്ലസ് കൺസ്യൂമർ ലോൺ പദ്ധതിയും, 5% വാർഷിക പലിശ നിരക്കിൽ സീറോ ബാലൻസ് സേവിംഗ്സ് അക്കൗണ്ടായ മഹിള പ്ലസ് സുഗമ അക്കൗണ്ടും മാർച്ച് 29 വരെ നിലവിലുണ്ട്. 24 മണിക്കൂറും പണം ലഭ്യമാകുന്ന ഗോൾഡ് ഓവർ ഡ്രാഫ്റ്റ് സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ